**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1856** **11-10-2024 - ൽ മറുപടിയ്ക്ക്**

**ഹൈ സെക്യൂരിറ്റി രജിസ്ട്രേഷൻ പ്ലേറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ഹൈ സെക്യൂരിറ്റി രജിസ്ട്രേഷൻ പ്ലേറ്റുമായി ബന്ധപ്പെട്ട് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ; | (എ) | 01.04.2019 - ന് മുൻപ് രജിസ്റ്റർ ചെയ്തിട്ടുള്ള വാഹനങ്ങൾക്ക് ഹൈ സെക്യൂരിറ്റി നമ്പർപ്ലേറ്റ് ഘടിപ്പിക്കുന്നതിന് ടെന്റർ ക്ഷണിക്കുന്നതിനുള്ള നടപടികൾ ആരംഭ ഘട്ടത്തിലാണ്. |
| (ബി) | നിലവിൽ നമ്പർപ്ലേറ്റ് മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളെ കൂടി ഉൾപ്പെടുത്തി ഈ പദ്ധതി നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | 01/04/2019ന് മുമ്പ് രജിസ്റ്റർ ചെയ്ത വാഹനങ്ങളിൽ HSRP ഘടിപ്പിക്കുന്നതിന് രജിസ്റ്ററിംഗ് അതോറിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. HSRP നിർമ്മിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമാവശ്യമായ അടിസ്ഥാന സൗകര്യങ്ങളും മനുഷ്യവിഭവശേഷിയും ഗതാഗത വകുപ്പിനുള്ളതിനാൽ, ഇതിനാവശ്യമായ അസംസ്കൃത വസ്തുക്കളും ഉപകരണങ്ങളും സമാഹരിച്ച് നടപ്പാക്കാനാണ് വിഭാവനം ചെയ്യുന്നത്. |
| (സി) | എം.എസ്.എം.ഇ.(മൈക്രോ, സ്മാൾ ആൻഡ് മീഡിയം എന്റർപ്രൈസസ്), സ്റ്റാർട്ടപ്പ് കമ്പനികളെക്കൂടി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഈ മേഖലയിലെ കമ്പനികളെ ഉൾപ്പെടുത്തി ഇത് പ്രാവർത്തികമാക്കുവാൻ സാധിക്കുമോയെന്ന് വ്യക്തമാക്കുമോ ? | (സി) | 01/04/2019ന് മുമ്പ് രജിസ്റ്റർ ചെയ്ത വാഹനങ്ങളിൽ HSRP ഘടിപ്പിക്കുന്നതിന് രജിസ്റ്ററിംഗ് അതോറിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. HSRP നിർമ്മിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമാവശ്യമായ അടിസ്ഥാന സൗകര്യങ്ങളും മനുഷ്യവിഭവശേഷിയും ഗതാഗത വകുപ്പിനുള്ളതിനാൽ, ഇതിനാവശ്യമായ അസംസ്കൃത വസ്തുക്കളും ഉപകരണങ്ങളും സമാഹരിച്ച് നടപ്പാക്കാനാണ് വിഭാവനം ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ